**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 93** **12-01-2021 - ൽ മറുപടിയ്ക്ക്**

**ജനമൈത്രി പോലീസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. എൻ. ഷംസീർ,<br>ശ്രീ എം. രാജഗോപാലൻ,<br>ശ്രീ . കെ . ബാബു,<br>ശ്രീ. കെ.യു. ജനീഷ് കുമാർ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജനമൈത്രി പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുജന സഹകരണത്തോടെ സമൂഹത്തി ലാകമാനം സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് മെച്ചപ്പെട്ട പോലീസ് സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ആശയത്തിൽ ഊന്നി വിഭാവനം ചെയ്ത് ജനമൈത്രി പദ്ധതി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഭാഗമായിട്ടുള്ള ജനമൈത്രി സുരക്ഷാ സംവിധാനത്തിന്റെ കീഴിൽ ജനമൈത്രി M ബീറ്റ് പദ്ധതി, പ്രശാന്തി, ട്രൈബൽ ജനമൈത്രി, ലഹരി വിരുദ്ധ കാവൽ കൂട്ടം, കവചം, വനിത സ്വയം പ്രതിരോധ പരിശീലന പരിപാടി, മൈഗ്രന്റ് ജനമൈത്രി, ഇ-വിദ്യാരംഭം എന്നിവയും സംസ്ഥാനത്താകമാനം നടപ്പിലാക്കി വരുന്നു. തീരദേശ സുരക്ഷ വർദ്ധിപ്പിക്കുക, ഭാവിയിലെ ഉത്തരവാദിത്തമുള്ള പൗരൻമാരെ സൃഷ്ടിക്കുക, ആദിവാസി ജനതയുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായിക്കുക, സ്ത്രീ സുരക്ഷ, മുതിർന്ന പൗരൻമാരുടെ ക്ഷേമം, ഗതാഗത അവബോധം മെച്ചപ്പെടുത്തൽ, പൊതുജന പിന്തുണയോടെ ഗ്രാമീണമേഖലകളിൽ ഡിജിറ്റൽ നിരീക്ഷണം വ്യാപിപ്പിക്കുക, ഇരകളുടെ പുനരധിവാസം, മയക്കുമരുന്നിന്റെ ഉപയോഗത്തിനെതിരായ അവബോധം, പാർപ്പിടം, വാണിജ്യ മേഖലകളുടെ സുരക്ഷ, കാണാതായ കുട്ടികളെ തിരിച്ചറിയൽ, ടൂറിസ്റ്റ് സുരക്ഷ, റെയിൽവേ സുരക്ഷ, ദേശീയ പാത സുരക്ഷ, പരിസ്ഥിതി സംരക്ഷണം, പൊതുജനങ്ങളുടെ സുരക്ഷ എന്നിവയാണ് കമ്മ്യൂണിറ്റി പോലീസിംഗിന്റെ പ്രധാന പ്രവർത്തന മേഖലകൾ. ജനമൈത്രി സുരക്ഷാ പദ്ധതി ഏറ്റവും പ്രാധാന്യം കൊടുക്കുന്ന വിഷയങ്ങളി ലൊന്നാണ് സ്ത്രീ സുരക്ഷ. സ്ത്രീ സുരക്ഷ ലക്ഷ്യമിട്ട് |

| | | | |
|---|---|---|---|
| | | | സ്ത്രീകൾക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടി നടത്തി വരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള സൈബർ അതിക്രമങ്ങൾ പ്രതിരോധിക്കാൻ വിദ്യാലയങ്ങളിൽ ടച്ച് സ്ക്രീൻ കിയോസ്കുകൾ എത്തിച്ച് ബോധവൽക്കരണം നടത്തുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും ജാഗ്രതാ നിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം റസിഡൻസ് അസോസിയേഷനുകളുടെ പിന്തുണയോടെ വിതരണം ചെയ്തു വരുന്നു. |
| (ബി) | പൊതുജനങ്ങളോട് പോലീസിലെ ചുരുക്കം ചിലരുടെ മാന്യതയില്ലാത്ത പെരുമാറ്റം പോലീസ് സേനയ്ക്കാകെ അവമതിപ്പ് ഉണ്ടാക്കുമെന്നതിനാൽ മാന്യതയാർന്ന പെരുമാറ്റം പോലീസിന്റെ ഭാഗത്തുനിന്നും ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം കർശന നിർദ്ദേശങ്ങളാണ് ഈ സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പോലീസിന്റെ ഭാഗത്തു നിന്നും പൊതുജനങ്ങളോട് മാന്യതയാർന്ന പെരുമാറ്റം ഉറപ്പുവരുത്തുന്നതിനായി പോലീസ് ആസ്ഥാനത്തു നിന്നും 01/2019 നമ്പർ പ്രകാരം ഒരു Advisory, 14.09.2019 തീയതിയിൽ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കുമായി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ജനമൈത്രി പോലീസ് സംവിധാനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അശരണരായ മുതിർന്ന പൗരൻമാരെ കണ്ടെത്തി അവർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | ജനമൈത്രി പോലീസ് സംവിധാനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അശരണരായ മുതിർന്ന പൗരൻമാരെ കണ്ടെത്തി അവർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ലൈൻ<br>കോവിഡ്-19 മഹാമാരിയെ തുടർന്ന് വീട്ടുകളിൽ ഏകാന്തതയിൽ കഴിഞ്ഞു വരുന്നതും, ഉറ്റവരാലും ഉടയവരാലും ഉപേക്ഷിക്കപ്പെട്ട് ആശ്രയമില്ലാതെ വീട്ടുകളിൽ കഴിയുന്ന മുതിർന്ന പൗരൻമാരുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ 22.04.2020 മുതൽ പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്. മുതിർന്ന പൗരൻമാർക്ക് അവരുടെ വിഷമതകളും ആവശ്യങ്ങളും പോലീസിനെ അറിയിക്കുന്ന തിനായി 24 മണിക്കൂറും പ്രവർത്തിച്ച് വരുന്ന പ്രശാന്തിയുടെ സേവനങ്ങൾക്കായി 9497900035, 9497900045 എന്നീ നമ്പരുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിലൂടെ മുതിർന്ന പൗരൻമാർ ഒറ്റയ്ക്ക് താമസിച്ചു വരുന്ന ഭവനങ്ങളിൽ ജനമൈത്രി ബീറ്റ് പോലീസ് ഉദ്യോഗസ്ഥർ സന്ദർശനം നടത്തി വരുന്നതും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി മരുന്ന്, ഭക്ഷ്യ വസ്തുക്കൾ, മറ്റ് അവശ്യ സാധനങ്ങൾ എന്നിവ എത്തിച്ചു നൽകുകയും ചെയ്യുന്നു. മാനസിക വ്യഥ അനുഭവിക്കുന്ന വയോജനങ്ങൾക്ക് അവരുടെ ആശ്രിതരുടെ സഹായത്തോടെ ഹെൽപ്പ് ലൈൻ മുഖാന്തിരം സൈക്കോളജിക്കൽ കൗൺസലിംഗ് നൽകി വരുന്നു. നിയമസഹായത്തിനായി |

| | | | |
|---|---|---|---|
| | | | പ്രശാന്തിയെ സമീപിക്കുന്ന വയോജനങ്ങൾക്ക് മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംരക്ഷണവും ആക്ട് 2007, പ്രാബല്യത്തിലുള്ള മറ്റ് നിയമ വ്യവസ്ഥകൾ എന്നിവ പ്രകാരം ആവശ്യമായ നിയമസഹായം പോലീസ് സ്റ്റേഷനുകൾ വഴി നൽകി വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്ന വിവിധ പദ്ധതികൾ ജനങ്ങളിൽ എത്തിച്ചു നൽകുന്നതിനും, ബീറ്റ് പോലീസ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ മുതിർന്ന പൗരൻമാർ അധിവസിക്കുന്ന വൃദ്ധസദനങ്ങൾ, അഗതി-വയോജന മന്ദിരങ്ങൾ എന്നിവ സന്ദർശിച്ച് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പാലിയേറ്റീവ് കെയർ യൂണിറ്റുകൾ എന്നിവയുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ മുതിർന്ന പൗരൻമാർക്കായി നടത്തി വരുന്നു. പ്രശാന്തിയുടെ ആഭിമുഖ്യത്തിൽ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള മുതിർന്ന പൗരൻമാരുടെ രജിസ്റ്ററിൽ നിന്നും അവരുടെ വിലാസം, ഫോൺ നമ്പർ എന്നിവ ശേഖരിച്ച് ക്ഷേമ വിവരം അന്വേഷിച്ചു വരുന്നതും ആവശ്യമായ ചികിൽസാ സഹായം ഉൾപ്പെടെയുള്ളവ എത്തിച്ചു നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ